**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2187** **30-09-2025 - ൽ മറുപടിയ്ക്ക്**

**എരവത്ത്കുന്ന് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിനോടനുബന്ധിച്ച് കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ അനുവദിച്ച എരവത്ത്കുന്ന് ടൂറിസം പദ്ധതി, ചുള്ളിക്കാട് ബ്രിഡ്ജ് എന്നീ പ്രവർത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ "എരവത്തുകുന്ന് ടൂറിസം പദ്ധതി-നാല് കോടി രൂപ" "ചുള്ളിക്കാട് ബ്രിഡ്ജ് നിർമ്മാണം-3 കോടി രൂപ" എന്നീ പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത മണ്ഡലത്തിലേയ്ക്കായി ജില്ലാ കളക്ടർ സമർപ്പിച്ച ഭേദഗതി പ്രൊപ്പോസൽ 08.09.2025-ലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഭേദഗതി കമ്മിറ്റി പരിഗണിക്കുകയും, സ.ഉ (കൈ) നം.4/2025/PIE&MD തീയതി 22.09.2025 ഉത്തരവ് പ്രകാരം, പ്രസ്തുത പദ്ധതികളുടെ തുക "എരവത്തുകുന്ന് ടൂറിസം പദ്ധതി-5 കോടി രൂപ" "ചുള്ളിക്കാട് ബ്രിഡ്ജ് നിർമ്മാണം-2 കോടി രൂപ" എന്നിങ്ങനെ പുന:ക്രമീകരിച്ചു ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.<br><br>നിലവിൽ "ചുള്ളിക്കാട് ബ്രിഡ്ജ് നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എരവത്തുകുന്ന് ടൂറിസം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ